**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2063** **30-09-2025 - ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റിൽ തൊഴിൽ നിയമ ലംഘനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | 2013 ഏപ്രിൽ 1 മുതലാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമായിരുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ അവസാനിപ്പിച്ച് അന്നത്തെ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയത്. അതിനു ശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് ദേശീയ പെൻഷൻ പദ്ധതിയിലെ വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ബാധകമല്ല. ആയതിനാൽ ഇവർ വിരമിക്കുമ്പോൾ ഗ്രാററുവിറ്റി അനുവദിക്കാൻ വ്യവസ്ഥയില്ല. |
| (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം വിരമിച്ച ജീവനക്കാർക്ക് 1972-ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ഗ്രാറ്റുവിറ്റി നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 2013 ഏപ്രിൽ 1 മുതലാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമായിരുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ അവസാനിപ്പിച്ച് അന്നത്തെ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയത്. അതിനു ശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് ദേശീയ പെൻഷൻ പദ്ധതിയിലെ വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ബാധകമല്ല. ആയതിനാൽ ഇവർ വിരമിക്കുമ്പോൾ ഗ്രാററുവിറ്റി അനുവദിക്കാൻ വ്യവസ്ഥയില്ല. |
| (സി) | ഇന്ത്യൻ പാർലമെന്റ് പാസാക്കിയ 1972-ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാറ്റുവിറ്റി അനുവദിക്കണമെന്ന ശ്രീമതി രതകുമാരിയുടെ അപേക്ഷ (സി എം ഒ 25009011) നിരസിച്ചതിന് കാരണമായ നിയമത്തിലെ വ്യവസ്ഥ അറിയിക്കാമോ; നിയമപിൻബലമില്ലാതെയാണ് പ്രസ്തുത അപേക്ഷ നിരസിച്ചതെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | 2013 ഏപ്രിൽ 1 മുതലാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമായിരുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ അവസാനിപ്പിച്ച് അന്നത്തെ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയത്. അതിനു ശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് ദേശീയ പെൻഷൻ പദ്ധതിയിലെ വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ബാധകമല്ല. ആയതിനാൽ ഇവർ വിരമിക്കുമ്പോൾ ഗ്രാററുവിറ്റി അനുവദിക്കാൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ